എയ്ഡ്സ് രോഗംമൂലം മരിച്ച മാതാപിതാക്കളുടെ കുട്ടികളെ സമൂഹം ഒറ്റപ്പെടുത്തുന്നതിനെതിരെ നടപടി

52 [2405] *ശ്രീ. ടി. വി. ചന്ദ്രമോഹൻ:*

„ കെ. എ. ചന്ദ്രൻ:

ശ്രീമതി രാധാരാഘവൻ:

ശ്രീ. കെ. ബാബു:

„ പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡ്സ് രോഗം പകരുന്നത് എപ്രകാരമാണ്;

(ബി) എയ്ഡ്സ് രോഗം ബാധിച്ച് മരിച്ച മാതാപിതാക്കളുടെ കുട്ടികൾ എയ്ഡ്സ് രോഗബാധിതരായിരിക്കണമെന്നുണ്ടോ;

(സി) എയ്ഡ്സ് രോഗം ബാധിച്ച് മരിച്ച മാതാപിതാക്കളുടെ പിഞ്ചുകുട്ടികളെ സമൂഹം ഒറ്റപ്പെടുത്തുന്നതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ഡി) ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതായി എയ്ഡ്സ് കൺട്രോൾ സൊസൈറ്റിക്ക് അറിവ് ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത്തരം കാര്യങ്ങളിൽ ആ സൊസൈറ്റി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എയ്ഡ്സ് രോഗം പകരുന്നത് പ്രധാനമായും നാലു വിധത്തിലാണ്:

(1) സുരക്ഷിതമല്ലാത്ത ലൈംഗികബന്ധത്തിലൂടെ;

(2) അണുബാധയുള്ള രക്തം സ്വീകരിക്കുന്നതിലൂടെ;

(3) അണുബാധയുള്ള വ്യക്തി ഉപയോഗിച്ച സൂചിയും സിറിഞ്ചും അണുവിമുക്തമാക്കാതെ ഉപയോഗിക്കുന്നതിലൂടെ;

(4) എച്ച്. ഐ. വി. ബാധിതരായ അമ്മയിൽനിന്നും കുഞ്ഞിലേക്ക്.

(ബി) എയ്ഡ്സ് രോഗം ബാധിച്ച് മരിച്ച മാതാപിതാക്കളുടെ കുട്ടികൾ എല്ലാവരും എയ്ഡ്സ് ബാധിതരാകണമെന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) എയ്ഡ്സ് രോഗം ബാധിച്ച് മരിച്ച മാതാപിതാക്കളുടെ കുട്ടികളെ സമൂഹം ഒറ്റപ്പെടുത്തുന്നതിനെതിരെ സന്നദ്ധസംഘടനകളുടെ സഹായത്തോടെ ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇത്തരം കുട്ടികളോട് വിവേചനം പാടില്ല എന്ന് വ്യക്തമാക്കിക്കൊണ്ട് സംസ്ഥാന വിദ്യാഭ്യാസവകുപ്പും സ്കൂൾ അധികൃതർക്ക് ഉത്തരവ് നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വിവിധ സന്നദ്ധ സംഘടനകളുമായി ചേർന്ന് സൊസൈറ്റി അതാത് സ്ഥലത്ത് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. കൂടാതെ, സംസ്ഥാനത്തെ സ്കൂളുകളിൽ 9-ാം ക്ലാസ്സിലെയും 11-ാം ക്ലാസ്സിലെയും വിദ്യാർത്ഥികൾക്ക് ''കുടുംബജീവിത വിദ്യാഭ്യാസം'' എന്ന പേരിൽ ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. ഇത്തരം കുട്ടികളുടെ സ്കൂൾ പ്രവേശനത്തിനു വിവേചനം പാടില്ലായെന്ന് വിദ്യാഭ്യാസവകുപ്പ് ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

എയ്ഡ്സ് നിയന്ത്രണത്തിന് നടപടി

53 [2406] *ശ്രീ. കെ. അച്ചുതൻ:*
,, *വി. ജെ. പൗലോസ്:*
,, *കെ. സി. ജോസഫ്:*
,, *പി. ടി. തോമസ്:*

ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡ്സ് നിയന്ത്രണത്തിനുവേണ്ടി എയ്ഡ്സ് കൺട്രോൾ സൊസൈറ്റി എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) അതിന്റെ ഫലമായി എയ്ഡ്സ് എത്രകണ്ട് കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്;

(സി) ഇക്കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഈ സൊസൈറ്റിക്ക് എവിടെനിന്നെല്ലാം എന്തു തുക കിട്ടിയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) എയ്ഡ്സ് നിയന്ത്രണത്തിനുവേണ്ടി എയ്ഡ്സ് കൺട്രോൾ സൊസൈറ്റി സർക്കാർ മേഖലയിലെ ആരോഗ്യസ്ഥാപനങ്ങൾവഴിയും തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധസംഘടനകൾവഴിയും താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

LIBRARY ARCHIVES Kerala Legislative Assembly